# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2743 — 19.02.2016 ൽ - മറുപടിക്ക്

## പുതിയ റേഷൻ കാർഡുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തോമസ് ഉണ്ണിയാടൻ<br>" സി.എഫ്. തോമസ് | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) പുതിയ റേഷൻ കാർഡുകളിൽ കടന്നു കൂടിയ പിശകുകൾ തിരുത്തുന്നതിന് പ്രത്യേക സംവിധാനം നടപ്പിലാക്കുമോ; വ്യക്തമാക്കുമോ? | (എ) പുതിയ റേഷൻ കാർഡിൽ പിശകുകൾ ഒഴിവാക്കുന്നതിനുള്ള എല്ലാ നടപടികളും പൊതുവിതരണ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. ആദ്യഘട്ടത്തിൽ പ്രീ-പോപ്പുലേറ്റഡ് ഫോറങ്ങളുടെ ഡേറ്റാ എൻട്രി ചെയ്യുകയും ഓൺലൈനായിട്ടും ഡേറ്റാ എൻട്രിയുടെ പ്രിന്റൗട്ട് ഫോറങ്ങൾ റേഷൻ കടകളിലൂടെ വിതരണം ചെയ്തും തെറ്റ് തിരുത്തുന്നതിനും പുതിയ വിവരങ്ങൾ ഉൾപ്പെടുത്തുന്നതിനും കാർഡുടമകൾക്ക് അവസരം നൽകിയിരുന്നു. ഇപ്രകാരം വെരിഫിക്കേഷൻ ഉൾപ്പെടെ ഡേറ്റാ എൻട്രി പൂർത്തീകരിച്ചിട്ടുണ്ട്. കരട് മുൻഗണനാ/ മുൻഗണനേതര പട്ടിക പ്രസിദ്ധീകരിച്ചു കഴിഞ്ഞാൽ അതിന്മേൽ പരാതികളും ആക്ഷേപങ്ങളും ഉള്ളവർക്ക് പഞ്ചായത്ത് സെക്രട്ടറി അദ്ധ്യക്ഷനായ വെരിഫിക്കേഷൻ കമ്മിറ്റികളിലൂടെ പരിഹാരം തേടാനുള്ള സംവിധാനവും ഒരുക്കിയിട്ടുണ്ട്. ഇതിനുശേഷമേ പുതിയ കാർഡുകൾ പ്രിന്റ് ചെയ്ത് നൽകുകയുള്ളൂ. |

Thulasi (signature)

*സെക്ഷൻ ഓഫീസർ*